(സി) ഇനി പുതുതായി എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിൽ പ്രസരണമേഖലയിൽ 12-ഉം വിതരണ മേഖലയിൽ 323-ഉം ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) 2001-2002-ൽ ശരാശരി പ്രസരണ വിതരണ നഷ്ടം 30.22 ശതമാനമായിരുന്നത് 2004-2005-ൽ 24.56 ശതമാനമായി കുറഞ്ഞു.

(സി) വരുന്ന കൊല്ലം 692 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും സബ്സ്റ്റേഷനുകളിൽ 35 ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

കണ്ണൂർ ജില്ലയിലെ തോട്ടട 33 കെ. വി. ലൈൻ

203 [1145] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തോട്ടട 33 കെ. വി. ലൈൻ നിർമ്മാണത്തിനു വേണ്ടി ഫലവൃക്ഷങ്ങളും മറ്റും മുറിച്ചുമാറ്റിയ വകയിൽ ഇനിയും എത്രപേർക്ക് നഷ്ടപരിഹാരം നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് ഇനി എത്ര തുക നൽകാനുണ്ട്;

(സി) ഇത് നൽകുന്നതിന് ഇത്രയും കാലതാമസം ഉണ്ടാകുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതു സംബന്ധമായി ജില്ലയിലെ ആഡൂർ തച്ചൻകുണ്ടിൽ ഹൗസിൽ കമലാക്ഷി നൽകിയ ഹർജിയിൻമേൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 80 പേർക്ക് നഷ്ടപരിഹാരം നൽകാനുണ്ട്.

(ബി) 3,54,916 രൂപ.

(സി) സ്ഥലം ഉടമസ്ഥരിൽനിന്ന് ആവശ്യമായ രേഖകൾ ലഭിക്കാനുള്ള കാലതാമസംമൂലമാണ് നഷ്ടപരിഹാരത്തുക നൽകുവാൻ വൈകിയത്.

(ഡി) ശ്രീമതി തച്ചൻകുണ്ടിൽ കമലാക്ഷിയുടെ പേരിലുള്ള മരം മുറിച്ച വകയിൽ നൽകേണ്ട നഷ്ടപരിഹാരത്തുക ജൂലൈ മാസം തന്നെ നൽകുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

GPM. 2/567/2012—30

LIBRARY ARCHIVES Kerala Legislative Assembly